നൽകിയ കുറ്റപത്രത്തിലെ ഒന്നാം ചാർജ് നിലനിൽക്കുന്നതും, 2, 3, 4, 5 ചാർജുകൾ നിലനിൽക്കുന്നതല്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ.
അശ്വിൻ ഗോപിനാഥിനെതിരായ അച്ചടക്ക നടപടി പരാമർശം (9) പ്രകാരം സെൻഷ്വർ നൽകി തീർപ്പാക്കുകയും ചെയ്തിരുന്നു.

6) ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീമതി. ചിത്ര. പി.ഡി.യ്ക്ക് സർക്കാർ 30/06/2025-ന് നൽകിയ കുറ്റപത്രത്തിലെ 1,2,3,4,5 ചാർജുകൾ നിലനിൽക്കുന്നതാണെന്നും 6ാംമത്തെ ചാർജ് നിലനിൽക്കുന്നതല്ലെന്നും ശ്രീമതി.അനില. പി.എസ്. -ന് സർക്കാർ 30/06/2025-ന് നൽകിയ കുറ്റപത്രത്തിലെ 1,2,3, ചാർജുകൾ നിലനിൽക്കുന്നതാണെന്നും 4,6 ചാർജുകൾ നിലനിൽക്കുന്നതല്ലെന്നും 5ാംമത്തെ ചാർജ് ഭാഗീകമായി നിലനിൽക്കുന്നതാണെന്നും കണ്ടെത്തിയിരുന്നു. മേൽ കണ്ടെത്തലുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ സീനിയർ സൂപ്രണ്ട് ശ്രീമതി. ചിത്ര. പി.ഡി, മുൻ നൂൺമീൽ ഓഫീസർ ശ്രീമതി. അനില.പി.എസ് എന്നിവർക്കെതിരായ അച്ചടക്ക നടപടി Rule 11 (1) (iii) പ്രകാരം, ടിയാളുകളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ തടയുന്നതിന് താത്കാലിക തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് ഉത്തരവായിരുന്നു .

7) അപ്രകാരം ശ്രീമതി. ചിത്ര.പി.ഡി, ശ്രീമതി. അനില പി.എസ് എന്നിവർക്ക് പരാമർശം (7) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാളുകൾ പരാമർശം (8) മറുപടി ലഭ്യമാക്കുകയും ചെയ്തിരുന്നു. തന്നെ ഇനിയും നേരിൽ കേൾക്കേണ്ടതില്ല എന്ന് ശ്രീമതി.അനില പി.എസും ഹിയറിംഗ് ഒഴിവാക്കി നൽകണമെന്ന് ശ്രീമതി. ചിത്ര. പി.ഡിയും ആവശ്യപ്പെട്ടിട്ടുണ്ട് .

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി പരിശോധിച്ചതിൽ 30/04/2024 ലെ പൊതുഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരമാണ് ഓഫീസുകളിൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ പരിപാലിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നതെന്നും 14/05/2025 ൽ മറ്റൊരു സർക്കുലറിലൂടെ ഈ സർക്കുലർ റദ്ദ് ചെയ്തിട്ടുണ്ടെന്നും ശ്രീമതി.ചിത്ര.പി.ഡി ബോധിപ്പിച്ചിരിക്കുന്നു. എന്നാൽ ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ആകസ്മിക പരിശോധന നടന്ന 04/09/2024 ന് പൊതുഭരണ വകുപ്പിന്റെ സർക്കുലർ നിലവിലുണ്ടായിരുന്നു. ആയതിനാൽ തന്നെ ശ്രീമതി.ചിത്ര.പി.ഡിയുടെ ഈ വാദം അംഗീകരിക്കാനാവില്ല. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ ശ്രീമതി.അനിലയും ശ്രീമതി. ചിത്രയും മറ്റ് പുതിയ വാദങ്ങളൊന്നും തന്നെ ഉന്നയിച്ചിട്ടില്ല.

9) മേൽ സാഹചര്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായ

